ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് വീട് വയ്ക്കാൻ പദ്ധതി

89 [3477] ശ്രീ. ഉമേഷ് ചള്ളിയിൽ:
,, എ. എൻ. രാജൻ ബാബു:
,, കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്താം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതി തയ്യാറാക്കാനുള്ള മാർഗരേഖകളിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് വീട് വയ്ക്കുന്നതിന് ഗ്രാമപഞ്ചായത്ത് നേരിട്ട് ഭൂമി കണ്ടെത്തണം എന്ന വ്യവസ്ഥ പദ്ധതികളുടെ നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എസ്. സി./എസ്.ടി. വിഭാഗങ്ങൾക്ക് അനുമതി നൽകിയിരിക്കുന്നതു പോലെ ഗുണഭോക്താക്കൾക്ക് നേരിട്ട് ഭൂമി വാങ്ങുന്നതിനുള്ള അനുമതി ലഭ്യമാക്കുമോ;

(സി) ഒന്നിലധികം ഗുണഭോക്താക്കൾക്ക് ഒന്നിച്ച് പ്ലോട്ട് കണ്ടെത്താൻ ബുദ്ധിമുട്ടുള്ള സാഹചര്യത്തിൽ ഇതിന് എന്ത് പരിഹാരമാണ് സർക്കാർ നിർദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്ന ഇത്തരം കേസ്സുകൾ കോർഡിനേഷൻ കമ്മിറ്റിയിൽ ചർച്ച ചെയ്ത് ഉചിതമായ പരിഹാരം നിർദ്ദേശിക്കുന്നതാണ്.

തദ്ദേശ ഭരണസ്ഥാപനങ്ങളുടെ കണക്ക് തയ്യാറാക്കുന്ന രീതി

90 [3478] ശ്രീ. സി. പി. മുഹമ്മദ്:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, കെ. ബാബു:
,, എൻ. ഡി. അപ്പച്ചൻ:
,, എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കണക്ക് ഡബിൾ എൻട്രി സമ്പ്രദായത്തിലാണോ സിംഗിൾ എൻട്രിയിലാണോ തയ്യാറാക്കി വരുന്നതെന്നു വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്പോൾ ഇവ തയ്യാറാക്കുന്ന രീതിയിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി & സി) സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിൽ 1-4-2004 മുതൽ സിംഗിൾ എൻട്രി സമ്പ്രദായത്തിലുള്ള പുതിയ അക്കൗണ്ടിംഗ് നടപ്പിലാക്കിയിട്ടുണ്ട്. നഗരസഭകളിലും കോർപ്പറേഷനുകളിലും ഡബിൾ എൻട്രി സമ്പ്രദായത്തിലുള്ള അക്കൗണ്ടിംഗ് രീതി നടപ്പിലാക്കാൻ ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ട്. 1-4-2006 മുതൽ ഈ രീതി നടപ്പിൽ വരുത്തുന്നതാണ്.

ചട്ടങ്ങൾക്ക് വിരുദ്ധമായി നിർമ്മിച്ച കെട്ടിടങ്ങൾ

91 [3479] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി നിർമ്മാണം നടത്തിയ എത്ര കെട്ടിടങ്ങൾ റെഗുലറൈസ് ചെയ്തു നല്കി എന്ന് നഗരസഭ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് തരംതിരിച്ച് വെളിപ്പെടുത്തുമോ;

(ബി) കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് ഇളവ് നൽകി എത്ര കെട്ടിടങ്ങൾ പണിയുന്നതിനായി സർക്കാർ അനുമതി നല്കിയെന്ന് കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് തരം തിരിച്ച് വിവരം ലഭ്യമാക്കുമോ;

(സി) നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി പണിത കെട്ടിടങ്ങൾ റഗുലറൈസ് ചെയ്ത വകയിൽ പിഴ ഇനത്തിൽ സർക്കാരിന് എന്തു തുക ലഭിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി & സി) വിവരങ്ങൾ ശേഖരിച്ചു വരുന്നു.

ഓംബുഡ്സ്മാന്റെ പ്രവർത്തനങ്ങൾ

92 [3480] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ക്രമക്കേടുകൾ കണ്ടെത്തിയതിനെതുടർന്ന് ഓംബുഡ്സ്മാൻ നൽകുന്ന വിധി നടപ്പിലാക്കുന്നതിന് എന്ത് ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദീകരിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly